2007-08-ൽ 30.10 ലക്ഷം രൂപയും 2008-09-ൽ 19.03 ലക്ഷം രൂപയും 2009-10-ൽ 14.87 ലക്ഷം രൂപയും ഇൻഷ്വറൻസ് ക്ലെയിമായി നൽകിയിട്ടുണ്ട്. 14 ജില്ലകളിലും പദ്ധതി നടത്തിപ്പ് തുടർന്നു വരുന്നു.

(ഇ) എല്ലാ വർഷവും ബഡ്ജറ്റിൽ ഒരു നിശ്ചിത വിഹിതം മരുന്നുകൾ വാങ്ങുന്നതിനായി നീക്കി വയ്ക്കുകയും മരുന്നുകൾ വാങ്ങി ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ 10 കോടി രൂപ മരുന്നുകൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**വിലവിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രസിദ്ധീകരിക്കാത്തവർക്കെതിരെ നടപടി**

15(*885) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. രാഘവൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കച്ചവട സ്ഥാപനങ്ങളിൽ വില വിവരപ്പട്ടിക, സ്റ്റോക്ക് വിവരം എന്നിവ പ്രസിദ്ധീകരിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ ;

(ബി) എങ്കിൽ ഈ വർഷം ഇതുവരെ സംസ്ഥാനത്തൊട്ടാകെ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) വ്യാപാര സ്ഥാപനങ്ങളിലെ സ്റ്റോക്ക് വിവരം പരിശോധിക്കുന്നതിനുള്ള സംവിധാനം എന്താണ് ;

(ഡി) പൊതുവിപണിയിലെ പരിശോധന ഊർജ്ജിതമാക്കുന്നതിനും അവശ്യവസ്തു നിയമം അനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) ഉണ്ട്.

(ബി) ഈ വർഷം ഇതുവരെ (4/2010 മുതൽ 12/2010 വരെ) 839 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കച്ചവട സ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക സ്റ്റോക്ക് വിവരം എന്നിവ പ്രസിദ്ധീകരിക്കാത്തവർക്കെതിരെ 1977-ലെ കേരള എസെൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്) ഓർഡർ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവശ്യസാധന നിയമത്തിലെ വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം ലൈസൻസിംഗ് സമ്പ്രദായവും സ്റ്റോക്ക് ലിമിറ്റും നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളിലെ ഫിസിക്കൽ സ്റ്റോക്ക് പരിശോധിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധനകളും റെയ്ഡുകളും നടത്തി വരുന്നു. കൂടാതെ റൈസ് ഓർഡർ പ്രകാരം ഓപ്പൺമാർക്കറ്റിലെ അരി വ്യാപാരികൾ സർക്കാരിൽ റിട്ടേൺസ് ഫയൽ ചെയ്യണമെന്ന നിബന്ധന ചെയ്തിട്ടുണ്ട്.

(ഡി) പൊതുവിപണിയിലെ പരിശോധന ഊർജ്ജിതമാക്കാനും അവശ്യ വസ്തു നിയമം അനുസരിച്ച് നടപടി സ്വീകരിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പരിശോധനകൾ ഊർജ്ജിതമായി നടന്നുവരുന്നുണ്ട്.

**കൊക്കക്കോള കമ്പനിയുടെ പ്രവർത്തനംമൂലം പ്ലാച്ചിമടയിലുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**

16(*168) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊക്കക്കോള കമ്പനിയുടെ പ്രവർത്തനംമൂലം പ്ലാച്ചിമടയിലുണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ് ;

(ബി) വിവിധ മേഖലകളിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സമിതിയുടെ കണ്ടെത്തലുകൾ വ്യക്തമാക്കുമോ ;

(സി) വ്യക്തികൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനായി ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ ;

(ഡി) കമ്പനിയുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ&ബി) കമ്മിറ്റി ശുപാർശയുടെയും കണ്ടെത്തലുകളുടേയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനായി ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന ശിപാർശയിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 2004 മാർച്ച് മുതൽ കമ്പനി പ്രവർത്തിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly